(സി) ഏതെല്ലാം സ്ഥലങ്ങളിലാണ് കൂടിയേറിപ്പാക്കാൻ തിരുവിതാംകൂർ-കൊച്ചിയിൽ നിന്നും ആളുകൾ പോയിട്ടുള്ളത് ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. ഇ. കൊച്ചുകുട്ടൻ):

(എ) 192 കുടുംബങ്ങൾ.

(ബി) അല്ല. ഖർജ്ജിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള ഉപാധി മാത്രമായിട്ടാണ്.

(സി) മദ്ധ്യ ആൻഡമാൻസിലും, ഭോപാലിലും.

## സേവാദളം

* 154. [39] ശ്രീ. പി. കെ. കുഞ്ചച്ചൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ലാത്തി പരിശീലനത്തോടും, അടി തട, കുരിപ്പയറ് തുടങ്ങിയ അർദ്ധസൈനിക സജ്ജീകരണങ്ങളോടുംകൂടി "സേവാദളം" എന്ന ഒരു സംഘടന നമ്മുടെ സംസ്ഥാനത്തു് പ്രവർത്തിച്ചുവരുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സംഘടനയുടെ അഭിമുഖ്യത്തിൽ സംസ്ഥാന മന്ത്രിസഭയിലെ ഏതെങ്കിലും അംഗങ്ങൾ പ്രോത്സാഹജനകമായ വിധത്തിൽ പ്രസംഗിച്ചിട്ടുണ്ടോയെന്നു് പറയാൻ ദയവുണ്ടാകുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) സേവാദളം എന്ന ഒരു സംഘടന പ്രവർത്തിച്ചുവരുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. എന്നാൽ ലാത്തി പരിശീലനത്തോടും, അടി തട, കുരിപ്പയറ് തുടങ്ങിയ അർദ്ധസൈനിക സജ്ജീകരണങ്ങളോടുംകൂടിയ സേവാദളം എന്ന ഒരു സംഘടന പ്രവർത്തിച്ചുവരുന്നതായി ഗവണ്മെൻറിനറിവില്ല.

(ബി) ചോദ്യത്തിൽ പറയുന്ന സ്വഭാവത്തോടുകൂടിയ സേവാദളം എന്ന ഒരു സംഘടനയുടെ അഭിമുഖ്യത്തിൽ മന്ത്രിസഭയിലെ ഏതെങ്കിലും അംഗങ്ങൾ പ്രോത്സാഹജനകമായ വിധത്തിൽ പ്രസംഗിച്ചിട്ടില്ല. സേവാദളം സംഘടനയുടെ അഭിമുഖ്യത്തിൽ മന്ത്രിമാർ പ്രസംഗിച്ചിട്ടുണ്ടു്.

## മന്ത്രിമാരുടെ സഞ്ചാരം

* 155. [40] ശ്രീ. പി. കെ. കുഞ്ചച്ചൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മന്ത്രിമാർ സഞ്ചരിക്കുന്നതിനെക്കുറിച്ചു് ഗവണ്മെൻറ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിവിധ താലൂക്കുകളിലെ വിവിധ പാർട്ടികളുടേയും ബഹുജനസംഘടനകളുടേയും അഭിപ്രായം ആരാഞ്ഞതിനു ശേഷം ഈ സഞ്ചാരപരിപാടി ആവിഷ്കരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly